(സി) കേന്ദ്രഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വൈദ്യുതി ബോർഡ് ചെയർമാൻമാരുടെ യോഗത്തിൽ വച്ച് എന്നൂർ പദ്ധതിയിൽ നിന്ന് 200 മെഗാവാട്ട് വൈദ്യുതി വാങ്ങുമെന്ന് ഉറപ്പുനൽകുവാൻ സംസ്ഥാന വൈദ്യുതി വകുപ്പുമന്ത്രി അന്നത്തെ സംസ്ഥാന വൈദ്യുതി ബോർഡ് ചെയർമാന് നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ താപവൈദ്യുത പദ്ധതിക്ക് കേന്ദ്രഗവൺമെന്റിന്റെ സോപാധിക-സാങ്കേതിക-സാമ്പത്തിക അനുമതി 16-2-2000-ൽ ലഭിച്ചു. അത് പ്രകാരം ആറ് മാസത്തിനകം സംസ്ഥാന ഗവൺമെന്റിന് സ്വീകാര്യമായ കോ-പ്രൊമോട്ടറെ കൊണ്ടുവരണമെന്നാണ് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിട്ടി (CEA) നിർദ്ദേശിച്ചിട്ടുള്ളത്. എൻപാസോ എനർജി എന്ന കമ്പനിയെ കോ-പ്രൊമോട്ടർ ആക്കാനുള്ള ഒരു നിർദ്ദേശം കണ്ണൂർ പവർ കോർപ്പറേഷൻ മുന്നോട്ടു വച്ചു. ഇത് പരിശോധിച്ചു വരുന്നു. കണ്ണൂർ പവർ കോർപ്പറേഷൻ ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ്സിൽ കോ-പ്രൊമോട്ടറെ അംഗീകരിക്കുന്നതു സംബന്ധിച്ച് ഒരു തീരുമാനം 3 മാസത്തിനകം കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് ഫയലുകൾ സംസ്ഥാന അഡ്വക്കേറ്റ് ജനറലിന് കേസ്സുമായി ബന്ധപ്പെട്ട് സർക്കാർ അയച്ചു കൊടുത്തിരിക്കുകയാണ്. ഇത് മടക്കി ലഭിച്ചതിനുശേഷം പരിശോധിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ട്രേഡിംഗ് കോർപ്പറേഷൻ എന്നൂരിൽ നിന്നും ലഭ്യമാക്കുന്ന വൈദ്യുതി കേരളാ ഗവൺമെന്റിനും ബോർഡിനും സ്വീകാര്യമായ കുറഞ്ഞ നിരക്കിലും വ്യവസ്ഥകളിലും ലഭിക്കുമെങ്കിൽ മാത്രം വാങ്ങാമെന്ന വ്യവസ്ഥയോടുകൂടി ധാരണാപത്രം (MOU) ഒപ്പുവയ്ക്കുവാൻ വൈദ്യുതി ബോർഡ് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ധാരണാപത്രം ഇതുവരെ ഒപ്പു വച്ചിട്ടില്ല.

(സി) ഇപ്രകാരം നിർദ്ദേശമൊന്നും നൽകിയിട്ടില്ല.

മത-ധർമ്മ സ്ഥാപനങ്ങളിൽ നിന്നും അമിതമായ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതായുള്ള പരാതി

90 (1242) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത-ധർമ്മ സ്ഥാപനങ്ങളിൽ നിന്നും അമിതമായ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത-ധർമ്മ സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും ഇപ്പോൾ ഈടാക്കിവരുന്ന വൈദ്യുതി ചാർജ്ജ് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ഈടാക്കിവരുന്ന താരിഫ് എന്നു മുതൽ നടപ്പിലാക്കിയതാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം പരിഗണിക്കാൻ ബുദ്ധിമുട്ടുണ്ട്.

(സി) 15-5-1999 മുതലാണ് ഇപ്പോൾ ഈടാക്കി വരുന്ന താരിഫ് നടപ്പിലാക്കിയത്.

ഇലക്ട്രിസിറ്റി ബോർഡിലെ താൽകാലിക ജീവനക്കാർ

91 (1243) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ താൽക്കാലിക അടിസ്ഥാനത്തിൽ കരാർ, ദിവസകൂലി ഇനങ്ങളിലായി ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ സൂപ്പർവൈസറി തസ്തികകളിൽ പുനർനിയമനം വഴി ജോലി ചെയ്യുന്നവർ എത്ര പേരുണ്ട് ;

(സി) കൺസൾട്ടന്റുമാരായും മറ്റ് ജോലിക്കാരായും കെ.എസ്.ഇ.ബി.യിൽ എത്ര വിദേശി ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) ഇവർ ആരൊക്കെയാണെന്നും ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ;

(ഇ) വിദേശി ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ ശമ്പളവും ആനുകൂല്യങ്ങളും എത്രയാണെന്നു വ്യക്തമാക്കാമോ ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മേൽവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എന്ത് തുക നൽകിയിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കെ.എസ്.ഇ.ബി.യുടെ ഉദ്യോഗസ്ഥരായി വിദേശികളാരും ജോലി ചെയ്യുന്നില്ല.

(ഡി-എഫ്) പ്രസക്തമല്ല.

എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുവാൻ നടപടി

92 (1244) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ കുടുംബങ്ങൾക്കും വൈദ്യുതിബന്ധം നൽകുന്നതിലേക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly